# <u>ഇന്ത്യാ-ഉസ്ബെക്കിസ്ഥാൻ വിദേശകാര്യ കാര്യാലയ ചർച്ചകൾ</u>

മാർച്ച് 23, 2017

ഇന്ത്യയും ഉസ്ബെക്കിസ്ഥാനും തമ്മിലുള്ള പതിമൂന്നാം വട്ട വിദേശകാര്യ കാര്യാലയ ചർച്ചകൾ ന്യൂഡെൽഹിയിൽ മാർച്ച് 23, 2017 നു നടന്നു. ഇന്ത്യൻ വിഭാഗത്തെ സെക്രട്ടറി (കിഴക്ക്) ശ്രീമതി പ്രീതി സരൻ നയിച്ചു, ഉസ്ബെക്ക് വിഭാഗത്തെ , വിദേശ കാര്യ ഡെപ്യൂട്ടി മന്ത്രി (വെസ്റ്റ് ) ശ്രീ ദില്യോർ ഖാകിമോവ് നയിച്ചു. ഉന്നത തല രാഷ്ട്രീയ വിനിമയങ്ങൾ, പ്രതിരോധ സഹകരണം, വ്യാപാരം-വ്യവസായ ബന്ധങ്ങൾ, വികസന സഹകരണം, ഗതാഗതം, സംശക്കാരികം, കോൺസുലാർ കാര്യങ്ങൾ , ഇന്ത്യയും ഉസ്ബെക്കിസ്ഥാനും തമ്മിലുള്ള നയതന്ത്ര ബന്ധങ്ങൾ സ്ഥാപിച്ചതിന്റെ ഇരുപത്തിയഞ്ചാം വാർഷിക ആഘോഷങ്ങൾ ആസൂത്രണം ചെയ്യുക ഉൾപ്പെടെ എല്ലാ വിവരങ്ങളും പൂർണമായ രീതിയിൽ ഇരു വിഭാഗവും അവലോകനം ചെയ്തു. പ്രധാനപ്പെട്ട , മേഖലാ, ആഗോള വിഷയങ്ങളിൽ തങ്ങളുടെ കാഴ്ചപ്പാടുകൾ ഇരു വിഭാഗവും കൈമാറി. അതേസമയം അന്താരാഷ്ട്ര സ്ഥാപണങ്ങളിലെ പരിഷ്കാരങ്ങൾ പോലെ ഉള്ള വിഷയങ്ങളിൽ എടുക്കുന്ന നിലപാടിലെ സാമാന്യതയും എസ് സി ഒ പോലെയുള്ള മേഖലാ സംഘങ്ങളിലെ സഹകരണം എന്നിവയും അവർ അംഗീകരിക്കുകയും ചെയ്തു

കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ എം ജെ അക്ബറുമായി , ഉസ്ബെക്ക് ഡെപ്യൂട്ടി വിദേശ കാര്യ മന്ത്രി ഇന്ന് നേരത്തെ കൂടിക്കാഴ്ച നടത്തുകയുണ്ടായി

വിദേശകാര്യ കാര്യാലയ ചർച്ചകൾക്ക് ശേഷം ഡെപ്യൂട്ടി വിദേശ കാര്യ മന്ത്രി ഖാകിമോവ്, വ്യവസായ സെക്രട്ടറിയുമായും കൂടിക്കാഴ്ച നടത്തുകയുണ്ടായി

ശുഭാപ്തി വിശ്വാസം നിറഞ്ഞ , സമഗ്രമായ ചർച്ചകൾ ഇന്ത്യാ-ഉസ്ബെക്ക് പങ്കാളിത്തത്തിലെ ശക്തമായ അടിത്തറയെ കൂടുതൽ ഉറപ്പിക്കുന്നതായിരുന്നു

ന്യൂഡെൽഹി
മാർച്ച് 23, 2017